**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3969** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റുകളുടെ സ്ഥലം മാറ്റ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി പ്രമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റപ്പെട്ട ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലുണ്ടാകുന്ന അടുത്ത ഓപ്പൺ വേക്കൻസിയിലേക്ക് തിരിച്ച നിയമനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥലം മാറ്റപ്പെട്ട ഫാർമസിസ്റ്റുകൾക്ക് തിരികെ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫാർമസിസ്റ്റ് ഗ്രേഡ് I ആയി സ്ഥാനക്കയറ്റം വഴി സ്വന്തം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സ്റ്റേഷൻ സീനിയോരിറ്റി അനുസരിച്ച് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്ന് സ്ഥലം മാറ്റപ്പെട്ട് ആദ്യം മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി കൂടി പരിഗണിച്ച കൊണ്ട് മാനദണ്ഡ പ്രകാരമാണ് നിയമനം തിരികെ സ്വന്തം ജില്ലയിലേക്ക് നൽകുന്നത്. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രമോഷൻ ലഭിച്ച് സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരെ തിരികെ തിരുവനന്തപുരം ജില്ലയിൽ നിയമിക്കാറുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ ഫാർമസിസ്റ്റ് നിയമനം സംസ്ഥാന തലത്തിൽ ആകയാൽ ഫാർമസിസ്റ്റ് ഗ്രേഡ് I ആയി റേഷ്യോ പ്രൊമോഷൻ ലഭിക്കുമ്പോൾ മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം നൽകി വരുന്നില്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ നിന്നും ജനറൽ ട്രാൻസ്ഫർ മുഖേന മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച ഫാർമസിസ്റ്റ് ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഓപ്പൺ വേക്കൻസിയിൽ നിയമനം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ നിന്ന് സ്ഥലം മാറ്റപ്പെട്ട് ആദ്യം മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി കൂടി പരിഗണിച്ച കൊണ്ട് മാനദണ്ഡ പ്രകാരമാണ് നിയമനം തിരികെ തിരുവനന്തപുരം ജില്ലയിലേക്ക് നൽകുന്നത്. |
| (സി) | ഡി.എച്ച്.എസ്.ന്റെ ആ.വ.ഡ. 11771/2023/ഇ4 നമ്പർ ഉത്തരവ് പ്രകാരമുള്ള ട്രാൻസ്ഫർ മുഖേന ജില്ലയ്ക്ക് പുറത്തുപോയ ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലെ നിലവിലെ ഓപ്പൺ വേക്കൻസികളിൽ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലം മാറ്റം നൽകുന്നത് സർക്കാർ ഉത്തരവ് (പി) നം. 3/2017/ഉഭപവ, തീയതി : 25/02/2017 എന്ന ഉത്തരവിലെ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | നിയമനം നൽകി നിലവിലുള്ള ചട്ടങ്ങൾ അട്ടിമറിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചട്ടവിരുദ്ധമായ ഇത്തരം സ്ഥലമാറ്റങ്ങൾ പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ? | | പ്രകാരമാണ്. ചട്ട വിരുദ്ധമായി സ്ഥലം മാറ്റം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ